DESPATCHED
On. 9/2/22

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1128(5)/19/SIC

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 8905/SIC-G7/2019

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി: 30.12.2021**

**ഡോ. ഐ.ബി അരുമദാസ്,**
**ചേതന, സിസിലിപുരം,**
**കട്ടച്ചൽക്കുഴി പി.ഒ,**
**ബാലരാമപുരം,**
**തിരുവനന്തപുരം – 695 501.**
} **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,**
**തിരുവനന്തപുരം.**

**അപ്പീൽഅധികാരി,**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,**
**സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,**
**തിരുവനന്തപുരം.**
} **എതിർകക്ഷികൾ**

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 13.03.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 16.03.2019 |
| ഒന്നാംഅപ്പീൽ | 05.04.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 09.05.2019 |
| രണ്ടാംഅപ്പീൽ | 23.05.2019 |
| ഹിയറിംഗ്തീയതി, സ്ഥലം | 01.09.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരി | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിന്റെ സാന്ത്വനം പാലിയേറ്റീവ് പരിചരണ പദ്ധതിരേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്ന് മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്, വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതിയുടെ ഭാഗമാണ് സാന്ത്വനം പാലിയേറ്റീവ് പരിചരണ പദ്ധതിയെന്നും പദ്ധതിപ്പണം ഏതെല്ലാം സാന്ത്വന ആവശ്യങ്ങൾക്കായി വിനിയോഗിക്കണമെന്നും എത്രതുക ഓരോ ഇനത്തിലും വകയിരുത്തണമെന്നുമൊക്കെ തീരുമാനിക്കുന്നത് പഞ്ചായത്ത് തലത്തിലാണെന്നും അത് നടപ്പിലാക്കുന്ന ചുമതല മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥനുള്ളതെന്നും പദ്ധതി രേഖയുടെ പകർപ്പും ഫണ്ടും നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുന്നത് സെക്രട്ടറിയാണെന്നും തെറ്റായതും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരമാണ് എസ്.പി.ഐ.ഒ നൽകിയിട്ടുള്ളത് എന്നും മറ്റൊരു പൊതു അധികാരിയുടെ പക്കലാണ് വിവരം ഉള്ളത് എങ്കിൽ നിയമം വകുപ്പ് 6(3) പ്രകാരം അപേക്ഷ കൈമാറേണ്ടതായിരുന്നു എന്നും അത്തരത്തിൽ ഒരു നടപടി എസ്.പി.ഐ.ഒയുടെ ഭാഗത്തു നിന്നുമുണ്ടായില്ല എന്നും വിവരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

4. വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതിയുടെ ഭാഗമായി നിർവ്വഹണം നടത്തുന്ന സാന്ത്വനം പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറാണ് എന്നും ആയതിനാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടെയും സൂക്ഷിപ്പുചുമതല മെഡിക്കൽ ഓഫീസർക്കാണെന്നും പ്രസ്തുത വിവരങ്ങൾ അപ്പീൽഹർജിക്കാരനെ അറിയിച്ചു എന്നുമാണ് എസ്.പി.ഐ.ഒ കമ്മീഷനെ അറിയിച്ചത്.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ അപ്പീൽഹർജിക്കാരന്റെ വിവരാവകാശ നിയമം 6(1) പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് 7(1) പ്രകാരം നൽകിയ മറുപടി നിയമാനുസൃതമല്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ടത് മറ്റൊരു പൊതു അധികാരിയുടെ പക്കലുള്ള വിവരമായതു കൊണ്ട് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം അപേക്ഷ കൈമാറാൻ ഒന്നാം എതിർകക്ഷിയ്ക്ക് ബാദ്ധ്യതയുണ്ട്. ടി അപേക്ഷയിൻമേൽ അത്തരത്തിൽ ഒരു നടപടി സ്വീകരിക്കാത്തത് വിവരാവകാശ നിയമം വകുപ്പ് 6(3) ന്റെ ലംഘനവും ഗുരുതരവീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. കമ്മീഷന്റെ ഹിയറിംഗ് നോട്ടീസിനോട് പ്രതികരിക്കാതിരുന്നതും എസ്.പി.ഐ.ഒയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി കണക്കാക്കുന്നു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ

നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. അപ്പീൽഹർജിക്കാരൻ ആവശ്യപ്പെട്ട സാന്ത്വനം പാലിയേറ്റീവ് പരിചരണ പദ്ധതി രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരിയിൽ നിന്ന് ശേഖരിച്ച് അപ്പീൽഹർജിക്കാരന് നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി കൊണ്ട് ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി